(2) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

ഇലക്ട്രിസിറ്റി ആക്റ്റ് 2003

1 [1673] ശ്രീമതി ഗിരിജാ സുരേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2003-ലെ ഇലക്ട്രിസിറ്റി ആക്റ്റിലെ എന്തെല്ലാം വ്യവസ്ഥകൾ സംസ്ഥാനത്തെ ഏതെല്ലാം സംഗതികളെ പ്രതികൂലമായി ബാധിക്കുമെന്ന് സർക്കാർ പരിശോധിച്ചിട്ടുണ്ടോ;

(ബി) ആക്റ്റ് നിലവിൽ വരുന്നതിനു മുമ്പായി പ്രസ്തുത ബില്ലിലെ ഏതെങ്കിലും വ്യവസ്ഥകളിൽ സംസ്ഥാന ഗവൺമെന്റിനുള്ള ആശങ്ക കേന്ദ്ര ഗവൺമെന്റിനെ അറിയിക്കുകയുണ്ടായിട്ടുണ്ടോ; എങ്കിൽ അതു സംബന്ധിച്ച് വിശദാംശം വെളിപ്പെടുത്താമോ;

(സി) കേന്ദ്ര ഗവൺമെന്റ് പാസാക്കിയ ഇലക്ട്രിസിറ്റി ആക്റ്റ് 2003-ന് എതിരെ സംസ്ഥാന ഗവൺമെന്റ് എന്തെങ്കിലും എതിർപ്പ് പ്രകടിപ്പിച്ചിട്ടുണ്ടോ; എങ്കിൽ അതു സംബന്ധിച്ച് വിശദമാക്കാമോ; ഇത് സംബന്ധമായി കേന്ദ്ര ഗവൺമെന്റിന് എന്തെങ്കിലും നിവേദനം സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ നിവേദനത്തിന്റെ ഒരു പകർപ്പ് മേശപ്പുറത്ത് വയ്ക്കാമോ?

ഉത്തരം

(എ) ഇക്കാര്യം പരിശോധിച്ചുവരുന്നതേയുള്ളൂ.

(ബി) 26-2-2000-ൽ നടന്ന വിദ്യുച്ഛക്തി വകുപ്പുമന്ത്രിമാരുടെ സമ്മേളനത്തിൽ അന്നത്തെ വിദ്യുച്ഛക്തി വകുപ്പുമന്ത്രി 2000-ലെ ഇലക്ട്രിസിറ്റി ബില്ലിനെ എതിർത്തിരുന്നു.

(സി) ഇല്ല.

കാറ്റിൽനിന്നും വൈദ്യുതി ഉൽപ്പാദിപ്പിക്കുന്ന പദ്ധതി

2 [1677] ശ്രീ. രാജു എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാറ്റിൽ നിന്നും വൈദ്യുതി ഉൽപ്പാദിപ്പിക്കുന്ന പദ്ധതിയുടെ ഇപ്പോഴത്തെ അവസ്ഥ എന്താണ്;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇത് സംബന്ധിച്ച് എക്സ്പ്രഷൻ ഓഫ് ഇന്ററസ്റ്റിനായി ദേശീയ ടെണ്ടർ ക്ഷണിച്ചിരുന്നോ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ;

(സി) പ്രസ്തുത ടെണ്ടർ റദ്ദ് ചെയ്തിട്ട് വീണ്ടും ടെണ്ടർ ക്ഷണിക്കുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ഡി) നേരത്തെ നടന്ന ടെണ്ടറിൽ പങ്കെടുക്കാൻ കഴിയാതിരുന്നവർക്ക് അവസരം നൽകാൻ വേണ്ടിയാണോ വീണ്ടും ടെണ്ടർ ക്ഷണിച്ചതെന്ന് വ്യക്തമാക്കാമോ;

(ഇ) 2003-ൽ നടന്ന ടെണ്ടറിൽ പങ്കെടുത്തവരെ വച്ച് നടപടികൾ പൂർത്തിയാക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇടുക്കി ജില്ലയിൽ കുരുവിക്കാനം എന്ന സ്ഥലത്ത് 2 മെഗാവാട്ട് ശേഷിയുള്ള ഒരു കാറ്റാടി പാടം സ്ഥാപിക്കുന്നതിന് അനർട്ടിന് സർക്കാരിൽ നിന്നും അനുമതി നൽകിയിട്ടുണ്ട്. ഇടുക്കി ജില്ലയിൽ രാമക്കൽമേട്ടിൽ സ്വകാര്യ മേഖലയിൽ പദ്ധതി നടപ്പാക്കുന്നതിന്റെ വിശദാംശങ്ങൾ പരിശോധിച്ചുവരുന്നു.

(ബി) എക്സ്പ്രഷൻ ഓഫ് ഇന്ററസ്റ്റ് ക്ഷണിച്ചിരുന്നു. അനർട്ട് വെബ് സൈറ്റിലും 15-4-2003-ൽ പ്രമുഖ ദിനപത്രങ്ങളിലും ഇതിനായി പരസ്യം നൽകിയിരുന്നു. വിവരങ്ങൾ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി 30-4-2003 ആയിരുന്നു.

(സി, ഡി ആന്റ് ഇ) മേൽ നടപടികൾ സർക്കാരിന്റെ പരിശോധനയിലാണ്.

സംസ്ഥാനത്തെ വൈദ്യുതി ഉൽപ്പാദന വിതരണ ശൃംഖലയിലെ പരിഷ്കാരങ്ങൾ

3 [1679] ശ്രീ. എ. എ. അസീസ്:

,, കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ സംസ്ഥാനത്തെ ആകെ വൈദ്യുതി ഉൽപ്പാദനം എത്രയാണെന്നും ഓരോ പദ്ധതിയും തരംതിരിച്ച് വ്യക്തമാക്കുമോ;

(ബി) ഇപ്പോൾ സംസ്ഥാനത്തെ മൊത്തം വൈദ്യുതി ഉൽപ്പാദനം എത്രയാണെന്നും ഓരോ പദ്ധതിയിൽ നിന്നും എത്ര വീതമെന്നും വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly